I/105457/2023

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: **KTDS/733/2021-A**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 11-09-2023

## താത്പര്യപത്രം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) വകുപ്പ്, ചേവായൂർ, കോഴിക്കോട് -17 ലേക്ക് ഈ വകുപ്പ് ഒരു ഗോത്ര സ്വാതന്ത്ര്യ സമര സേനാനി മ്യൂസിയം വയനാട് സുഗന്ധഗിരിയിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുന്നതിലേക്കായി താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു.

1. അപേക്ഷകർ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) റാങ്കിൽ വിരമിച്ച വ്യക്തി ആയിരിക്കണം.

2. സർക്കാർ ഉത്തരവ് (പി) നമ്പർ 67/2021/ഫിൻ, തീയതി 28/04/2021 ലെ ഖണ്ഡിക 9.4 പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ തെരഞ്ഞെടുപ്പിനും ബാധകമായിരിക്കും.

3. ഗോത്ര സ്വാതന്ത്ര്യ സമര സേനാനി മ്യൂസിയം പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതനുസരിച്ച് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിക്കേണ്ടതും, സങ്കേതികാനുമതി ലഭ്യമാക്കുന്നതിനു ഈ വകുപ്പിനെ സഹായിക്കേണ്ടതുമാണ്. കൂടാതെ അക്രിഡിറ്റഡ് ഏജൻസി തയ്യാറാക്കുന്ന ബില്ലുകൾ ചെക്ക് മെഷർ ചെയ്യുകയും നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങളിൽ ഈ വകുപ്പിനെ സഹായിക്കേണ്ടതുമാണ്.

4. അപേക്ഷകന്റെ മുൻകാല സേവന പരിചയം സംബന്ധിക്കുന്ന രേഖകളുടെ പകർപ്പ് താത്പര്യപത്രത്തിനൊടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. താത്പര്യപത്രങ്ങൾ 18/09/2023 വൈകുന്നേരം 5.00 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

6. ലഭിച്ച താത്പര്യപത്രങ്ങൾ പരിശോധിച്ച് നിഷ്കർഷിച്ച യോഗ്യതയുള്ളവരിൽ നിന്നും കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ഒരാളെ തെരഞ്ഞെടുക്കുന്ന തായിരിക്കും.

Signed by
Sreedhanya Suresh
Date: 11-09-2023 12:44:25

ഡയറക്ടർ

I/105457/2023

ഡയറക്ടർ
വിവര പൊതുജന സമ്പർക്ക വകുപ്പ്,
തിരുവനന്തപുരം.

1. നോട്ടീസ് ബോർഡ്
2. കിർടാഡ്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കലക്ടറേറ്റ്, കോഴിക്കോട്
4. ആഫീസ് പകർപ്പ്